## ചുരുക്കത്തിൽ

### അഴിമതിക്കേസിൽ ഇമ്രാൻ ഖാന്റെ ഭാര്യക്ക് ജാമ്യം

**ഇസ്ലാമാബാദ്**

പാകിസ്ഥാൻ മുൻ പ്രധാനമന്ത്രിയും പാകിസ്ഥാൻ തെഹരീക് ഇൻസാഫ് (പിടിഐ) നേതാവുമായ ഇമ്രാൻഖാന്റെ ഭാര്യ ബുഷ്റ ബീബിക്ക് ജാമ്യം അനുവദിച്ച് ലാഹോറിലെ കോടതി. അൽഖാദിൽ ട്രസ്റ്റ് അഴിമതിക്കേസിൽ ഇമ്രാനോടൊപ്പം ഭാര്യയെയും പ്രതിചേർത്തിരുന്നു. സംരക്ഷിതജാമ്യം അനുവദിക്കണമെന്ന ഹർജിയിൽ മെയ് 23 വരെ കോടതി ജാമ്യം അനുവദിച്ചെന്ന് ബുഷ്റയുടെ അഭിഭാഷകൻ മാധ്യമങ്ങളോട് പറഞ്ഞു.

### ഉത്തരാഖണ്ഡിൽ ഏക സിവിൽ കോഡ് ഉടനെന്ന് ധാമി

**ഡെറാഡൂൺ**

ഉത്തരാഖണ്ഡിൽ ഏക സിവിൽ കോഡ് (യുസിസി) നടപ്പാക്കുന്നതിനുള്ള കരട് റിപ്പോർട്ട് തയ്യാറാക്കാൻ സർക്കാർ രൂപീകരിച്ച സമിതി 90 ശതമാനം ജോലിയും പൂർത്തിയാക്കിയെന്നും അടുത്തമാസം 30നകം റിപ്പോർട്ട് സമർപ്പിക്കുമെന്നും മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി. മറ്റ് സംസ്ഥാനങ്ങളും ഉത്തരാഖണ്ഡിന്റെ മാതൃക പിന്തുടരണമെന്നും അദ്ദേഹം പറഞ്ഞു.

ബിജെപിയുടെ മുഖ്യ തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു ഏക സിവിൽകോഡ്. സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായിയുടെ നേതൃത്വത്തിലുള്ള സമിതിയാണ് കരട് തയ്യാറാക്കുന്നത്.

### കേരള സ്റ്റോറിക്ക് എതിരായ ഹർജി ഇന്ന് പരിഗണിക്കും

**ന്യൂഡൽഹി**

വിവാദ സിനിമ 'ദ കേരള സ്റ്റോറി'യുടെ റിലീസ് തടയണമെന്ന ഹർജി സുപ്രീം കോടതി ചൊവ്വാഴ്ച പരിഗണിക്കും. കേരള ഹൈക്കോടതി നേരത്തേ ചിത്രം സ്റ്റേ ചെയ്യാൻ വിസമ്മതിച്ചിരുന്നു. ഇതേത്തുടർന്നാണ് ഹർജിക്കാരനായ മാധ്യമപ്രവർത്തകൻ ഖുർബാൻ അലി സുപ്രീം കോടതിയെ സമീപിച്ചത്.

### എയർഹോസ്റ്റസിനെ ഉപദ്രവിച്ച യാത്രക്കാരൻ പിടിയിൽ

**അമൃത്സർ**

ദുബായ്– അമൃത്സർ വിമാനത്തിൽ എയർഹോസ്റ്റസിനെ ലൈംഗികമായി ഉപദ്രവിച്ച യാത്രക്കാരൻ പിടിയിൽ. മദ്യലഹരിയിൽ എയർഹോസ്റ്റസുമായി തർക്കിച്ച ജലന്തർ സ്വദേശി രജീന്ദ്ര സിങ് ഇവരെ ലൈംഗികമായി ഉപദ്രവിച്ചെന്നാണ് പരാതി. ജീവനക്കാർ അമൃത്സർ കൺട്രോൾ റൂമിൽ വിവരം അറിയിച്ചു. അമൃത്സർ രാജ്യാന്തര വിമാനത്താവളത്തിൽ വിമാനം എത്തിയതോടെ പ്രതിയെ പിടികൂടുകയായിരുന്നു.

---

ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരമില്ല

# ഗ്രേറ്റർ നോയിഡയിൽ കർഷക പ്രക്ഷോഭം

- അഖിലേന്ത്യ കിസാൻസഭയുടെ നേതൃത്വത്തിൽ ആയിരങ്ങൾ റാലിയിൽ അണിനിരന്നു

**ഗ്രേറ്റർ നോയിഡ**

പതിമൂന്ന് വർഷംമുമ്പ് ഭൂമി ഏറ്റെടുത്തപ്പോൾ നഷ്ടപരിഹാരം സംബന്ധിച്ച് കർഷകർക്ക് നൽകിയ ഉറപ്പ് പാലിക്കാത്തതിൽ പ്രതിഷേധിച്ച് അഖിലേന്ത്യ കിസാൻസഭയുടെ നേതൃത്വത്തിൽ ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയിഡ വികസന അതോറിറ്റി ആസ്ഥാനം ഉപരോധിച്ചു. ആയിരക്കണക്കിന് കർഷകർ പങ്കെടുത്ത റാലിയും നടന്നു. സിപിഐ എം പൊളിറ്റ്ബ്യൂറോ അംഗം ബൃന്ദ കാരാട്ട്, അഖിലേന്ത്യ കിസാൻസഭ വൈസ് പ്രസിഡന്റ് ഹന്നൻ മൊള്ള, ഫിനാൻസ് സെക്രട്ടറി പി കൃഷ്ണപ്രസാദ്, ജനാധിപത്യ മഹിളാ അസോസിയേഷൻ ജനറൽ സെക്രട്ടറി മറിയം ധാവ്ളെ തുടങ്ങിയവർ അഭിവാദ്യംചെയ്തു. കിസാൻസഭ ജില്ലാ നേതാക്കളും സംസാരിച്ചു. അതോറിറ്റി ആസ്ഥാനത്തിനു മുന്നിൽ 21 ദിവസമായി ധർണ നടന്നുവരികയാണ്. 2010ൽ ഭൂമി ഏറ്റെടുത്തപ്പോൾ എത്തിച്ചേർന്ന കരാറിൽ നഷ്ടപരിഹാരവും കർഷകരുടെ പുനരധിവാസവും വ്യവസ്ഥയുണ്ടായിരുന്നു. ഇതൊന്നും പാലിച്ചിട്ടില്ല.

ഗ്രേറ്റർ നോയിഡയിൽ അഖിലേന്ത്യ കിസാൻസഭയുടെ നേതൃത്വത്തിൽ നടത്തിയ മാർച്ച് ഫോട്ടോ: പി വി സുജിത്

---

ബിജെപി നേതാക്കളുടെ തീവ്ര വിദ്വേഷ പ്രസംഗം

## ബൃന്ദയുടെ ഹർജിയിൽ മറുപടിക്ക് ഡൽഹി പൊലീസിന് കൂടുതൽ സമയം

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

തീവ്ര വിദ്വേഷ പ്രസംഗങ്ങൾ നടത്തിയ ബിജെപി നേതാക്കൾക്കെതിരെ കേസെടുക്കാൻ നിർദേശിക്കണമെന്ന സിപിഐ എം പൊളിറ്റ്ബ്യൂറോ അംഗം ബൃന്ദ കാരാട്ടിന്റെ ഹർജിയിൽ മറുപടി നൽകാൻ ഡൽഹി പൊലീസിന് സുപ്രീംകോടതി കൂടുതൽ സമയം അനുവദിച്ചു. പൊലീസ് കമീഷണറുടെ അപേക്ഷ പരിഗണിച്ചാണ് ജസ്റ്റിസ് കെ എം ജോസഫ് അധ്യക്ഷനായ ബെഞ്ച് കൂടുതൽ സമയം സനുവദിച്ചത്. തീവ്ര വിദ്വേഷ പ്രസംഗങ്ങൾ നടത്തിയ കേന്ദ്രമന്ത്രി അനുരാഗ് താക്കൂർ, പർവേഷ് സിങ് എംപി എന്നിവർക്കെതിരെ കേസെടുക്കാൻ നിർദേശിക്കണമെന്നായിരുന്നു ബൃന്ദയുടെ ആവശ്യം.

## മണിപ്പുർ കലാപം: ബീരേൻസിങ് അമിത് ഷായെ കണ്ടു

- മരണം 74 ആയി

**ന്യൂഡൽഹി**

മണിപ്പുർ കലാപത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 74 ആയി ഉയരുകയും പുതിയ സംഘർഷങ്ങൾ ഉണ്ടാകുകയുംചെയ്ത പശ്ചാത്തലത്തിൽ മുഖ്യമന്ത്രി എൻ ബീരേൻസിങ് ഡൽഹിയിലെത്തി ആഭ്യന്തരമന്ത്രി അമിത് ഷായുമായി കൂടിക്കാഴ്ച നടത്തി. നാല് സംസ്ഥാന മന്ത്രിമാരും ഒപ്പമുണ്ടായിരുന്നു. ബിജെപിക്കാരായ രണ്ട് മന്ത്രിമാരടക്കം കുകി വിഭാഗത്തിൽപ്പെട്ട 10 എംഎൽഎമാർ മുഖ്യമന്ത്രിയിൽ അവിശ്വാസം പ്രകടിപ്പിച്ചതിനു പിന്നാലെയാണ് സന്ദർശനം. ബിജെപി ദേശീയ നേതൃത്വം വിളിച്ചുവരുത്തിയതാണെന്ന് റിപ്പോർട്ടുകളുണ്ട്.

കലാപം ബീരേൻസിങ് കൈകാര്യം ചെയ്ത രീതിയിൽ നേതൃത്വത്തിന് അതൃപ്തിയുണ്ടെങ്കിലും മുഖ്യമന്ത്രിയെ ഉടൻ മാറ്റില്ലെന്ന് മുതിർന്ന നേതാവ് പറഞ്ഞു. മെയ്ത്തീകളും കുകികളും തമ്മിലുള്ള ഭിന്നത രൂക്ഷമായിരിക്കെ മെയ്ത്തീകളുടെ പിന്തുണയുള്ള ബീരേൻസിങ്ങിനെ മാറ്റുന്നത് ആശാസ്യമല്ലെന്ന് നേതൃത്വം കരുതുന്നു.

---

അദാനിയുടെ ഓഹരിത്തട്ടിപ്പ്

## അധിക സത്യവാങ്മൂലം നൽകി സെബി

- 2016 മുതൽ അദാനി ഗ്രൂപ്പിന്റെ ഇടപാടുകൾ അന്വേഷിക്കുന്നെന്ന ഹർജിക്കാരന്റെ ആരോപണം തെറ്റെന്ന് സെബി

**ന്യൂഡൽഹി**

അദാനി ഗ്രൂപ്പിന്റെ ക്രമക്കേടുമായി ബന്ധപ്പെട്ട ഹിൻഡൻബർഗ് റിപ്പോർട്ടുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തിയാക്കാൻ കൂടുതൽ സമയം വേണമെന്ന ആവശ്യത്തെ ന്യായീകരിച്ച് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) സുപ്രീംകോടതിയിൽ അധിക സത്യവാങ്മൂലം നൽകി. സങ്കീർണമായ 12 ഇടപാടും അതിനുള്ളിൽത്തന്നെ പല ഉപ ഇടപാടു കളും അന്വേഷിക്കേണ്ടതുണ്ട്.

വിവിധ ഏജൻസികൾ, ബാങ്കുകൾ തുടങ്ങിയവയിൽനിന്നും വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ആറുമാസം സമയംകൂടി തേടിയതെന്നും സെബി സത്യവാങ്മൂലത്തിൽ പറഞ്ഞു. പരമാവധി മൂന്നുമാസം നൽകാമെന്നാണ് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് കഴിഞ്ഞ വാദംകേൾക്കലിൽ അറിയിച്ചത്.

തുടർന്നാണ് സെബിയുടെ അധികസത്യവാങ്മൂലം. 2016 മുതൽ അദാനിഗ്രൂപ്പിന്റെ ഇടപാടുകൾ തങ്ങൾ അന്വേഷിക്കുന്നതായുള്ള ഹർജിക്കാരന്റെ ആരോപണം തെറ്റാണെന്നും സെബി അറിയിച്ചു. ഹർജിക്കാർക്കുവേണ്ടി ഹാജരായ അഡ്വ. പ്രശാന്ത്ഭൂഷൺ നേരത്തേ ഈ വാദം ഉന്നയിച്ചിരുന്നു.

### ജസ്റ്റിസ് എം ആർ ഷാ വിരമിച്ചു

**ന്യൂഡൽഹി**

സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് എം ആർ ഷാ വിരമിച്ചു. അവസാന പ്രവൃത്തി ദിനമായ തിങ്കളാഴ്ച ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ സെറിമോണിയൽ ബെഞ്ചിന്റെ ഭാഗമായി അദ്ദേഹം കേസുകൾ പരിഗണിച്ചു.

പുതിയ പദവികൾ ഏറ്റെടുക്കുമെന്ന സൂചന അദ്ദേഹം നൽകി. ഗുജറാത്ത് സ്വദേശിയായ ജസ്റ്റിസ് ഷാ കോടതിക്ക് അകത്തും പുറത്തും പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പലവട്ടം പുകഴ്ത്തി വിവാദമുണ്ടാക്കിയിരുന്നു. 2018 നവംബർ രണ്ടിനാണ് അദ്ദേഹം സുപ്രീംകോടതി ജഡ്ജിയായി നിയമിതനായത്. നാലുവർഷക്കാലയളവിൽ എഴുനൂറിലധികം വിധിന്യായങ്ങൾ തയ്യാറാക്കി. നിരോധിത സംഘടനയിൽ അംഗമായാൽ യുഎപിഎ ചുമത്താമെന്നത് ജസ്റ്റിസ് എം ആർ ഷായുടെ ഉത്തരവായിരുന്നു.

# റോഡ് ഉപരോധിച്ച് ഗുസ്തി താരങ്ങൾ

- 18ന് രാജ്യവ്യാപക പ്രതിഷേധം

**ന്യൂഡൽഹി**

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയടക്കം ഏഴു ഗുസ്തി താരങ്ങളെ ലൈംഗികമായി പീഡിപ്പിച്ച ബിജെപി എംപിയായ ഗുസ്തി ഫെഡറേഷൻ പ്രസിഡന്റ് ബ്രിജ് ഭൂഷണെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഗുസ്തി താരങ്ങൾ ഡൽഹി കൊണാട്ട്പ്ലേസിലേക്ക് മാർച്ച് നടത്തി. 23 ദിവസമായി സമരം തുടരുന്ന ജന്തർ മന്തറിൽനിന്നാണ് കൂടുതൽ ജനങ്ങളുടെ പിന്തുണ തേടി ഗുസ്തി താരങ്ങൾ മാർച്ച് നടത്തിയത്. ഇവർ റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു. ഭീം ആർമി നേതാവ് ചന്ദ്രശേഖർ ആസാദ് പങ്കുചേർന്നു.

ഗുസ്തി താരങ്ങളായ സാക്ഷി മലിക്കും സംഗീത ഫോഗൊട്ടും വിനീഷ് ഫോഗൊട്ടും ഡൽഹി കോണോട്ട്പ്ലേസിലെ റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിക്കുന്നു. ഭീം ആർമി നേതാവ് ചന്ദ്രശേഖർ ആസാദ് ഒപ്പം

ഗുസ്തി താരങ്ങളുടെ സമരത്തിന് ഐക്യദാർഢ്യവുമായി 18ന് നടത്തുന്ന രാജ്യവ്യാപക പ്രതിഷേധം വിജയിപ്പിക്കാൻ സംഘടനകളുടെ ജനറൽ സെക്രട്ടറിമാരായ തപൻസെൻ (സിഐടിയു), വിജൂ കൃഷ്ണൻ (കിസാൻസഭ), ബി വെങ്കട് (കർഷക തൊഴിലാളി യൂണിയൻ), മറിയം ധാവ്ളെ (മഹിളാ അസോസിയേഷൻ), ഹിമാഗ്നരാജ് ഭട്ടാചാര്യ (ഡിവൈഎഫ്ഐ), മയൂഖ് ബിശ്വാസ് (എസ്എഫ്ഐ) എന്നിവർ ആഹ്വാനം ചെയ്തു. ബ്രിജ് ഭൂഷണെയും ഹരിയാനമന്ത്രി സന്ദീപ് സിങ്ങിനെയും ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ധർണ, ജാഥകൾ, മെഴുകുതിരി കത്തിച്ച് മാർച്ച്, പ്രകടനങ്ങൾ എന്നിവ സംഘടിപ്പിക്കും. ബ്രിജ് ഭൂഷണിനെതിരെ രാജ്യാന്തര താരങ്ങൾ പരാതി ഉന്നയിച്ചിട്ട് മാസങ്ങളായി. സുപ്രീംകോടതി ഇടപെടലിനെത്തുടർന്ന് ഡൽഹി പൊലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്തെങ്കിലും അറസ്റ്റിന് തയ്യാറായിട്ടില്ല. നീതി തേടി താരങ്ങൾ ആഴ്ചകളായി തെരുവിൽ കഴിയുന്നു. വനിതാ കോച്ചിന്റെ പരാതിയിൽ സന്ദീപ് സിങ്ങിനെതിരെ ചണ്ഡീഗഢ് പൊലീസ് എഫ്ഐആർ എടു

## ഡോക്ടർമാർക്ക് തിരിച്ചറിയൽ നമ്പർ നിർബന്ധമാക്കി

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

- രാജ്യത്തെ ലൈസൻസുള്ള മുഴുവൻ മെഡിക്കൽ പ്രാക്ടീഷണർമാരെയും ഉൾപ്പെടുത്തി ദേശീയ മെഡിക്കൽ രജിസ്റ്റർ (എൻഎംആർ) രൂപീകരിക്കും

ഡോക്ടർമാർക്ക് പ്രത്യേക തിരിച്ചറിയൽ നമ്പർ (യുഐഡി) നിർബന്ധമാക്കി ദേശീയ മെഡിക്കൽ കമീഷൻ (എൻഎംസി) വിജ്ഞാപനം. ഡോക്ടർമാരായി പ്രാക്ടീസ് ചെയ്യണമെങ്കിൽ എൻഎംസിയുടെ എത്തിക്സ് ആൻഡ് മെഡിക്കൽ രജിസ്ട്രേഷൻ ബോർഡ് (ഇഎംആർബി) നൽകുന്ന യുഐഡി നേടണം. രാജ്യത്തെ ലൈസൻസുള്ള എല്ലാ മെഡിക്കൽ പ്രാക്ടീഷണർമാരെയും ഉൾപ്പെടുത്തി ദേശീയ മെഡിക്കൽ രജിസ്റ്റർ (എൻഎംആർ) രൂപീകരിക്കുന്നതിന്റെ ഭാഗമാണ് നടപടി. ഡോക്ടർമാരുടെ യോഗ്യത, രജിസ്ട്രേഷൻ നമ്പർ, സ്പെഷ്യാലിറ്റി തുടങ്ങിയ വിശദാംശങ്ങൾ എൻഎംസി വെബ്സൈറ്റിൽ ലഭ്യമാക്കും. നാലുവർഷംമുമ്പാണ് യുഐഡി നടപ്പാക്കുന്നത് പ്രഖ്യാപിച്ചത്.

സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡോക്ടർമാർ മൂന്നു മാസത്തിനുള്ളിൽ വെബ്പോർട്ടലിൽ വിവരങ്ങൾ നൽകണം. അഞ്ചുവർഷമാണ് ലൈസൻസിന് കാലാവധി. എൻഎംസിക്ക് നൽകുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നത് സംസ്ഥാന കൗൺസിലുകളാകും. നിരസിക്കപ്പെട്ടാൽ അപ്പീൽ നൽകാം. വിദേശത്തുനിന്ന് മെഡിക്കൽ ബിരുദം നേടിയവർ നാഷണൽ എക്സിറ്റ് എക്സാം പാസാകണം. ഡോക്ടർമാർ നേടുന്ന അധിക ബിരുദങ്ങളും പോർട്ടലിലൂടെ അപ്ഡേറ്റ് ചെയ്യാം.

ആംബുലൻസ് വിളിക്കാൻ പണമില്ല

## കുഞ്ഞിന്റെ മൃതദേഹം ബാഗിലാക്കി ബസിൽ 200 കിലോമീറ്റർ യാത്ര

**കൊൽക്കത്ത**

ആംബുലൻസ് വാടകയായ 8000 രൂപ കൊടുക്കാനില്ലാത്തതിനാൽ അഞ്ചു മാസം പ്രായമുള്ള മകന്റെ മൃതദേഹം വീട്ടിലെത്തിക്കാൻ 200 കിലോമീറ്റർ ബസിൽ യാത്രചെയ്ത് യുവാവ്. കുഞ്ഞിന്റെ മൃതദേഹം ബാഗിലാക്കിയായിരുന്നു സിലുഗുരിയിൽ നിന്ന് കാളിയാഗഞ്ചിവരെ അസിം ദേബ് ശർമയെന്ന അച്ഛന്റെ യാത്ര.

നോർത്ത് ദിനാജ്പുരിലെ ആശുപത്രിയിൽ ശനിയാഴ്ച രാത്രിയാണ് കുഞ്ഞ് മരിച്ചതെന്ന് അസിം പറഞ്ഞു. ചികിത്സയ്ക്കായി 16,000 രൂപ ചെലവായി. ആംബുലൻസ് ഡ്രൈവർ ആവശ്യപ്പെട്ട 8000 രൂപ ഉണ്ടായിരുന്നില്ല. മറ്റു വഴികളില്ലാതെയാണ് കുഞ്ഞിന്റെ മൃതദേഹം ബാഗിലാക്കി യാത്ര ചെയ്തത്– അസിം പറഞ്ഞു.

## കർണാടക രംഗനയന ഡയറക്ടർ രാജിവച്ചു

**ബംഗളൂരു**

കരിയപ്പ

കർണാടകത്തിൽ ബിജെപി പരാജയപ്പെട്ടതിനു പിന്നാലെ രംഗകലകൾക്കായുള്ള സംസ്ഥാന സർക്കാർ സ്ഥാപനമായ രംഗനയനയുടെ ഡയറക്ടർ അദ്ദണ്ട സി കരിയപ്പ രാജിവച്ചു. കന്നഡ സാംസ്കാരിക വകുപ്പ് സെക്രട്ടറിക്കാണ് രാജിക്കത്ത് സമർപ്പിച്ചത്. ധാർമികതയുടെ പേരിലാണ് രാജിയെന്ന് കരിയപ്പ പറഞ്ഞു.

തെരഞ്ഞെടുപ്പിൽ ബിജെപിയുടെ പ്രചാരണരംഗത്ത് കരിയപ്പ സജീവമായിരുന്നു. വിവാദ പ്രസംഗത്തിന്റെ പേരിൽ ഇയാൾക്കെതിരെ മൂന്ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കരിയപ്പ എഴുതിയ ടിപ്പു നിജ കനസുഗലു (ടിപ്പുവിന്റെ യഥാർഥ സ്വപ്നങ്ങൾ) എന്ന പുസ്തകവും ഏറെ വിവാദമായിരുന്നു.

---

## അന്തർദേശീയം

### തായ്‌ലൻഡിൽ പ്രായുതിന് എതിരെ ജനവിധി

**ബാങ്കോക്**

സൈന്യത്തിന്റെ പിന്തുണയുള്ള ഭരണപക്ഷത്തിന് തെരഞ്ഞെടുപ്പിൽ കനത്ത തിരിച്ചടി നൽകി തായ്‌ലൻഡ് ജനത. ഞായറാഴ്ച നടന്ന പൊതുതെരഞ്ഞെടുപ്പിൽ മുഖ്യ പ്രതിപക്ഷപാർടിയായ ഫ്യൂ തായ് വൻ മുന്നേറ്റമുണ്ടാക്കി. 2014ൽ പട്ടാള അട്ടിമറിയിലൂടെ അധികാരം പിടിച്ച ഇപ്പോഴത്തെ പ്രധാനമന്ത്രി പ്രയുത് ചാൻഓച്ച ഒമ്പതുവർഷത്തിനുശേഷം അധികാരത്തിനു പുറത്തേക്കുള്ള പാതയിൽ.

മുൻ പ്രധാനമന്ത്രി തക്സിൻ ഷിനവത്രയുടെ മകൾ നയിക്കുന്ന ഫ്യൂ തായ് പാർടി അധോസഭയിലെ 500 സീറ്റിൽ 151 സീറ്റ് നേടുമെന്ന പ്രവചനവും മറികടന്നുള്ള മുന്നേറ്റമാണ് നടത്തുന്നത്. മറ്റൊരു പ്രതിപക്ഷപാർടിയായ മൂവ് ഫോർവേഡ് രണ്ടാം സ്ഥാനത്ത്. പ്രയുതിന്റെ യുണൈറ്റഡ് തായ് നേഷൻ പാർടി ആകെ ഏഴു ശതമാനം വോട്ടാണ് നേടിയത്. ഭരണസഖ്യത്തിന് ആകെ ലഭിച്ചത് 15 ശതമാനം സീറ്റുമാത്രം.

അടുത്ത സർക്കാരിന്റെ തലപ്പത്ത് ആരെന്നത് ഞായറാഴ്ചത്തെ വോട്ടെടുപ്പിലൂടെമാത്രം തീരുമാനിക്കപ്പെടില്ല. ജൂലൈയിൽ സഭയുടെയും 250 അംഗ സെനറ്റിന്റെയും സംയുക്ത സമ്മേളനമാണ് പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കുന്നത്. വിജയിക്ക് കുറഞ്ഞത് 376 വോട്ട് വേണം. പ്രയുതിനെ താഴെയിറക്കാൻ പ്രതിപക്ഷ ഐക്യം നിർണായകമാകും.

# അറബ് ലീഗ് യോഗത്തിൽ പങ്കെടുത്ത് സിറിയ

- ഉച്ചകോടി 19ന് ജിദ്ദയിൽ

**അനസ് യാസിൻ**

**മനാമ**

ഒരു ദശാബ്ദത്തിനുശേഷം അറബ് ലീഗിലേക്ക് സിറിയ തിരിച്ചെത്തി. അറബ് ലീഗ് ഉച്ചകോടിക്ക് മുന്നോടിയായി തിങ്കളാഴ്ച റിയാദിൽ ചേർന്ന തയ്യാറെടുപ്പ് യോഗത്തിൽ സിറിയൻ പ്രതിനിധികൾ പങ്കെടുത്തു. വെള്ളിയാഴ്ച സൗദി ചെങ്കടൽ നഗരമായ ജിദ്ദയിലാണ് 32–ാമത് അറബ് ലീഗ് കൗൺസിൽ ഉച്ചകോടി. സിറിയയെ അറബ് രാജ്യങ്ങളുടെ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നതായി സൗദി ധനമന്ത്രി മുഹമ്മദ് അൽ ജദാൻ യോഗത്തിൽ അറിയിച്ചു.

സിറിയൻ ആഭ്യന്തരയുദ്ധത്തെ തുടർന്ന് 2011 നവംബറിലാണ് സിറിയയെ അറബ് ലീഗിൽനിന്ന് പുറത്താക്കിയത്. 2012ൽ സൗദി സിറിയയുമായി നയതന്ത്രബന്ധം വിച്ഛേദിച്ചു.

മെയ് എട്ടിനാണ് സിറിയയെ അറബ് ലീഗിലേക്ക് തിരിച്ചെടുത്തത്. 2018ൽ യുഎഇ, സിറിയയുമായി ബന്ധം പുനഃസ്ഥാപിച്ചു. ഫെബ്രുവരി ആറിന് സിറിയയിലും തുർക്കിയയിലും ഉണ്ടായ വൻ ഭൂകമ്പത്തെ തുടർന്നാണ് നയതന്ത്ര പ്രവർത്തനങ്ങൾ സജീവമായത്. സൗദിയും സിറിയയുടെ അടുത്ത സഖ്യകക്ഷിയായ ഇറാനും ചൈനയുടെ മാധ്യസ്ഥ്യത്തിൽ നയതന്ത്രബന്ധം പുനരാരംഭിക്കാൻ തീരുമാനിച്ചതും നിലപാടുകളിൽ അയവുണ്ടാക്കി.

# നാശം വിതച്ച് മോക്ക

- മ്യാന്മറിൽ 6 മരണം സ്ഥിരീകരിച്ചു

**നേപിത**

അതിതീവ്ര മോക്ക ചുഴലിക്കാറ്റിനെത്തുടർന്ന് മ്യാന്മറിൽ മരിച്ചവരുടെ എണ്ണം ആറായി. എഴുന്നൂറിലധികം ആളുകൾക്ക് പരിക്കേറ്റു. റാഖൈൻ സംസ്ഥാനം ദുരന്തബാധിതമേഖലയായി പ്രഖ്യാപിച്ചു. 3.6 മീറ്റർ വരെ ഇവിടെ കടൽ നിരപ്പുയർന്നു. പ്രദേശത്തുനിന്ന് ആയിരത്തലേറെപ്പേരെ രക്ഷപ്പെടുത്തി. സിറ്റ്വെ നഗരത്തിൽ വ്യാപന നാശനഷ്ടമുണ്ടായി.ഏഴുനൂറിലേർപേർക്ക് പരിക്കേറ്റു.

അതേസമയം, ബംഗ്ലാദേശ് നഗരമായ കോക്സ് ബസാറിൽ നിന്ന് മോക്ക ഏറെക്കുറെ ഒഴിവായി. നാശനഷ്ടങ്ങൾ വിലയിരുത്തിവരികയാണ്. സെന്റ് മാർട്ടിൻ

മോക്ക ചുഴലിക്കാറ്റിൽ വൻ നാശം നേരിട്ട റാഖൈൻ സംസ്ഥാനത്തെ തീരദേശ മേഖലയിൽ കടപുഴകി വീണ മരത്തിനിടയിലൂടെ സുരക്ഷിത കേന്ദ്രത്തിലേക്ക് പോകുന്നവർ

ദ്വീപിലും ടെക്നാഫിലും രണ്ടായിരത്തോളം വീട് തകർന്നതായും 10,000 വീടിന് കേടുപാട് സംഭവിച്ചെന്നും റിപ്പോർട്ടുണ്ട്.

# തുർക്കിയ രണ്ടാംവട്ട വോട്ടെടുപ്പിലേക്ക്

**അങ്കാറ**

- പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ആർക്കും 50 ശതമാനം വോട്ട് നേടാനായില്ല
- രണ്ടാംവട്ട തെരഞ്ഞെടുപ്പ് 28ന്

തുർക്കിയ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ആർക്കും അമ്പതു ശതമാനത്തിലേറെ വോട്ട് നേടാനായില്ല.. രണ്ടുപതിറ്റാണ്ടായി അധികാരത്തിലുള്ള പ്രസിഡന്റ് റെസിപ് തയ്യിപ് എർദോഗൻ പ്രതീക്ഷിച്ചതിനേക്കാൾ വലിയ നേട്ടമുണ്ടാക്കിയെങ്കിലും അമ്പത് ശതമാനത്തിലേക്കെത്താൻ കഴിഞ്ഞില്ല. ആറു പ്രതിപക്ഷ പാർടിയുടെ സംയുക്ത സ്ഥാനാർഥി കെമാൽ കിലിച്ദാറോലുവ് എർദോഗനേക്കാൾ അഞ്ചുശതമാനം കുറവ് വോട്ടാണ് നേടിയത്. 99.87 ശതമാനം വോട്ടെണ്ണിയപ്പോൾ എർദോഗന് 49.50 ശതമാനവും കിലിച്ദാറോലുവിന് 44.89 ശതമാനവും സിനാൻ ഒഗാൻ 5.17 ശതമാനവും വോട്ട് നേടി. ആദ്യഘട്ടത്തിൽ ആരും അമ്പത് ശതമാനം വോട്ട് നേടാത്തതിനാൽ ഒന്നും രണ്ടും സ്ഥാനക്കാരായ എർദോഗനും കിലിച്ദാറോലുവും തമ്മിൽ 28ന് രണ്ടാംവട്ട തെരഞ്ഞെടുപ്പിൽ ഏറ്റുമുട്ടും.

അതേസമയം, പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ എർദോഗന്റെ പാർടി മികച്ച ഭൂരിപക്ഷം നേടിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ തങ്ങൾ തീർച്ചയായും വിജയിക്കുമെന്നും ജനാധിപത്യം കൊണ്ടുവരുമെന്നും കിലിച്ദാറോലുവ് പറഞ്ഞു.

### സെലൻസ്കി ലണ്ടനിൽ

**ലണ്ടൻ**

ബർലിനും പാരീസിനും ശേഷം ലണ്ടനിലെത്തിയ ഉക്രയ്ൻ പ്രസിഡന്റ് വ്ളോദിമിർ സെലൻസ്കിയെ സ്വീകരിച്ച് ബ്രിട്ടീഷ് പ്രധാനമന്ത്രി റിഷി സുനക്. ദിവസങ്ങൾക്കുള്ളിൽ സെലൻസ്കി സന്ദർശിക്കുന്ന നാലാമത്തെ യൂറോപ്യൻ രാജ്യമാണ് ബ്രിട്ടൻ. റഷ്യ–ഉക്രയ്ൻ സംഘർഷം ചൈനയുടെ മാധ്യസ്ഥ്യത്തിൽ രാഷ്ട്രീയപരമായി പരിഹരിക്കാൻ നടക്കുന്ന ശ്രമങ്ങൾക്കിടയിലാണ് സെലൻസ്കിയുടെ സന്ദർശനം.

### സമീപകാലത്തെ ഏറ്റവും വലിയ സൂപ്പർ സൈക്ലോൺ

ഇന്ത്യൻ സമുദ്രത്തിൽ രൂപപ്പെട്ട അതി തീവ്ര ചുഴലിക്കാറ്റായ മോക്ക,2000നു ശേഷമുണ്ടായ ഏറ്റവും ശക്തിയേറിയ ചുഴലിക്കാറ്റായ് ഹാവായ് ജോയിന്റ് ടൈഫൂൺ വാണിങ് സെന്റർ വിലയിരുത്തി. തീവ്രതയോടെ തോത് വിലയിരുത്തിൽ അതിതീവ്രമായ അഞ്ചാം വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മണിക്കൂറിൽ 270 കിലോമീറ്ററിനു മുകളിൽ വേഗത്തിലാണ് സൂപ്പർ സൈക്ലോൺ തീരം തൊട്ടത്. കടൽ താപനില 31–32 ഡിഗ്രി സെൽഷ്യസ് ആയതാണ് കാറ്റിന് തീവ്രത കൂടാൻ കാരണമായത്.

2000 മുതൽ ഇന്ത്യൻ സമുദ്രമേഖലയിൽ രേഖപ്പെടുത്തിയിട്ടുള്ള മൂന്നാമത്തെ തീവ്ര ചുഴലിക്കാറ്റാണ് മോക്ക. 2020 മെയ് 20ന് പശ്ചിമ ബംഗാളിനെ വിറപ്പിച്ച അംഫാൻ ചുഴലിക്കാറ്റായിരുന്നു ഇതിനു മുമ്പുണ്ടായ അതിതീവ്ര ചുഴലിക്കാറ്റുകളിലൊന്ന്. ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട അംഫാന് മണിക്കൂറിൽ 240 കിലോമീറ്ററായിരുന്നു വേഗം. 2007 ജൂണിൽ അറബിക്കടലിൽ രൂപപ്പെട്ട് ഒമാൻ തീരത്ത് വീശിയടിച്ച ഗോനു ചുഴലിക്കാറ്റിനും ഇതേ വേഗമായിരുന്നു. ഒഡിഷ സൂപ്പർ സൈക്ലോൺ എന്ന പേരിലറിയപ്പെടുന്ന ചുഴലിക്കാറ്റാണ് ഇന്ത്യൻ സമുദ്രത്തിലുണ്ടായ ഏറ്റവും അതി തീവ്രമായ ചുഴലിക്കാറ്റ്. 1999 ഒക്ടോബർ അവസാനവാരം രൂപപ്പെട്ട് വീശിയടിച്ച ചുഴലിക്കാറ്റിന് മണിക്കൂറിൽ 270 കിലോമീറ്ററായിരുന്നു വേഗം. 9843 പേർ മരിച്ചു.